6955
19/7/14

# കേരള സർക്കാർ

## സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്-3.3.2001 നം 2.2.2002 നമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി ജോലി ചെയ്തിരുന്ന ശ്രീമതി.സിനി ജോസഫിന് പുനർനിയമനം നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(എം.എസ്)നം.55/14/സാ.നീതി.വ തിരുവനന്തപുരം, തീയതി 25.6.2014

പരാമർശം-
1. 18.5.2013 ലെ സ.ഉ(പി) 40/13/സാ.നീ.വ നമ്പർ ഉത്തരവ്
2. 7.8.2013 ലെ സ.ഉ(പി) 63/13/സാ.നീ.വ നമ്പർ ഉത്തരവ്
3. 7.10.2013 ലെ സ.ഉ(പി) 80/13/സാ.നീ.വ നമ്പർ ഉത്തരവ്
4. 8.11.2013 ലെ സ.ഉ(പി) 96/13/സാ.നീ.വ നമ്പർ ഉത്തരവ്
5. 22.11.2013 ലെ സ.ഉ(പി) 99/13/സാ.നീ.വ നമ്പർ ഉത്തരവ്
6. 2.12.2013 ലെ സ.ഉ(പി) 105/13/സാ.നീ.വ നമ്പർ ഉത്തരവ്
7. 17.1.2014 ലെ സ.ഉ(പി) 3/14/സാ.നീ.വ നമ്പർ ഉത്തരവ്
8. 23.1.2014 ലെ സ.ഉ(പി) 5/14/സാ.നീ.വ നമ്പർ ഉത്തരവ്
9. 24.2.2014 ലെ സ.ഉ(എം.എസ്)നം.14/14/സാ.നീ.വ നമ്പർ ഉത്തരവ്
10. 29.4.2014 ലെ സ.ഉ(എം.എസ്)നം.30/14/സാ.നീ.വ നമ്പർ ഉത്തരവ്
11. 3.5.2014 ലെ സ.ഉ(പി)നം.32/14/സാ.നീ.വ നമ്പർ ഉത്തരവ്
12. 5.5.2014 ലെ സ.ഉ(പി)നം.35/14/സാ.നീ.വ നമ്പർ ഉത്തരവ്
13. 27.5.2014 ലെ സ.ഉ(പി)നം.42/14/സാ.നീ.വ നമ്പർ ഉത്തരവ്
14. 28.5.2014 ലെ സ.ഉ(പി)നം.45/14/സാ.നീ.വ നമ്പർ ഉത്തരവ്
15. 31.5.2014 ലെ സ.ഉ(എം.എസ്)നം.46/14/സാ.നീ.വ നമ്പർ ഉത്തരവ്
16. 31.5.2014 ലെ സ.ഉ(എം.എസ്)നം.47/14/സാ.നീ.വ നമ്പർ ഉത്തരവ്
17. 19.3.2014 ലെ ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA-1964/2013 മേലുള്ള ഉത്തരവ്.
18. 26.5.2014 ലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ H4-15078/14 നമ്പർ കത്ത്

## ഉത്തരവ്

പരാമർശം ഒന്ന് ഉത്തരവ് പ്രകാരം 16.8.99 നം 31.12.2003 നമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള ഏകദേശം 2677 അംഗപരിമിതർക്ക് പുനർ നിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർ/റഗുലർ നിയമനം നൽകുന്നതിന് ഉത്തരവായിരുന്നു.

2. പരാമർശം 2 മുതൽ 16 വരെയുള്ള ഉത്തരവുകൾ പ്രകാരം ടി കാലയളവിൽ വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ താല്ക്കാലികമായി ജോലി ചെയ്തിരുന്ന അംഗപരിമിതർക്ക് പുനർനിയമനം നൽകുന്നതിന് നിർദ്ദേശിച്ചിരുന്നു.

3. പരാമർശം 3 ലെ ഉത്തരവിൽ നിലവിൽ പി.എസ്.സി മുഖേനയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ സ്ഥിരജോലി ലഭിച്ചവർക്ക് പരാമർശം 1 ഉത്തരവിലെ ആനുകൂല്യം നൽകേണ്ടതില്ലയെന്ന് ഉത്തരവായതിനാൽ ശ്രീമതി.സിനി ജോസഫിന് നിയമനം ലഭിച്ചില്ല. ശ്രീമതി.സിനിജോസഫ് ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA-1964/2013 നമ്പർ കേസ് ഫയൽ ചെയ്യുകയുണ്ടായി. പരാമർശം 17 പ്രകാരം ടിയാളെ നേരിൽ കേട്ട് 3 മാസത്തിനുള്ളിൽ നടപടി കൈക്കൊള്ളുവാൻ ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവായിരുന്നു. അതിന്റെ വെളിച്ചത്തിൽ പരാതിക്കാരിയെ നേരിൽ കേൾക്കുകയുണ്ടായി.

4. ശ്രീമതി.സിനി ജോസഫ് പുനർ നിയമനത്തിന് അർഹയാണെന്ന് പരാമർശം 18 പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.സിനി ജോസഫ് പരാമർശം 4 ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം പരാമർശം 1 ലെ ഉത്തരവിന്റെ ആനുകൂല്യത്തിന് അർഹയാണെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചും ടി ജീവനക്കാരി സർവ്വീസിൽ നിന്നും പെൻഷൻ ആയി പിരിഞ്ഞു പോകുമ്പോൾ ടി സൂപ്പർ ന്യൂമററി തസ്തിക ഇല്ലാതാവുന്ന തരത്തിലും ടി ഉദ്യോഗാർത്ഥിക്ക് ജനറൽ റൂൾസ് ചട്ടം 39 നൽകുന്ന അധികാരം ഉപയോഗിച്ച് ടിയാളുടെ പേരിനു നേരെ ചേർത്തിരിക്കുന്ന വകുപ്പിൽ/ഓഫീസിൽ പുനർ/റഗുലർ നിയമനം നൽകുന്നതിന് ഉത്തരവാകുന്നു.

കണ്ണൂർ ജില്ല

| പേര്, മേൽവിലാസം | ജനനതീയതി | തസ്തിക, ജോലി ചെയ്തിരുന്ന വകുപ്പ്, കാലയളവ് | പുനർനിയമനം നൽകിക്കൊണ്ടുള്ള വകുപ്പ്/ഓഫീസ് |
|---|---|---|---|
| Siny Joseph.P,<br>Pinakkat House, Areekkamala,<br>Naduvil-670582 | 25.5.1976 | L.D.C<br>Resurvey,<br>O/o.Superintendent, Survey and Land Records,<br>Sreekantapuram, Kannur<br>3.3.2001 to 2.2.2002 | Resurvey,<br>O/o.Superintendent,<br>Survey and Land Records,<br>Sreekantapuram,<br>Kannur |

6. ശ്രീമതി.സിനി ജോസഫിന്റെ സേവന പുസ്തകം, വൈകല്യ സർട്ടിഫിക്കറ്റ്, റിലീവിംഗ്/ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ്, ഉടങ്ങിയവയുടെ അസ്സൽ രേഖകൾ വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പ് മേധാവി /നിയമനാധികാരി സ്വയം ബോധ്യപ്പെട്ടതിനുശേഷം ടിയാന് സ്ഥിര നിയമനം നല്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എ.ഷാജഹാൻ
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
സംസ്ഥാന വികലാംഗ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, എംപ്ലോയ്മെന്റ് & ട്രെയിനിംഗ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ ഓഫീസ്, വഞ്ചിയൂർ, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
ഡയറക്ടർ, സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ്, തിരുവനന്തപുരം
സൂപ്രണ്ട്, സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ്, ശ്രീകണ്ഠപുരം, കണ്ണൂർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ